അംഗൻവാടി കെട്ടിടങ്ങൾ

322 (3609) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി മണ്ഡലത്തിലെ പരിധിയിൽ എത്ര അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് ലിസ്റ്റ് സഹിതം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അംഗൻവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ അംഗൻവാടികളിൽ സ്വന്തമായി സ്ഥാലമുണ്ടായിട്ടും കെട്ടിടമില്ലാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ അംഗൻവാടിക്കും സ്വന്തമായുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 233 അങ്കണവാടികൾ പ്രവർത്തിച്ചു വരുന്നു. വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി-ഡി) വിശദ വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് പദ്ധതി

323 (3610) ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റീസ് എന്ന പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി നീക്കി വച്ച തുകയെത്രയാണ് ?

ഉത്തരം

(എ) വൈകല്യ പ്രതിരോധം, കണ്ടുപിടിക്കൽ, ഇടപെടൽ, അംഗപരിമിതരുടെ വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലയിൽ ഊന്നൽ നൽകുന്നതിനായി സർക്കാർ പ്രത്യേകം താല്പര്യമെടുത്ത് ആരംഭിച്ച പദ്ധതിയാണ് സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു:

1. എം.എം.ആർ വാക്ഷിനേഷൻ - മംപ്സ്, മീസിൽസ്, റൂബെല്ല എന്നിവയെ പ്രതിരോധിക്കുന്നതിനായി കേരളത്തിലുടനീളമുള്ള സർക്കാർ ആശുപത്രികളിൽ 2014 ജനുവരി മുതൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി എം.എം.ആർ. വാക്ഷിനേഷൻ നൽകി വരുന്നു.

2. റൂബെല്ലാ വാക്സിനേഷൻ-ഫെബ്രുവരി 2014-ൽ കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9-12 വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കൗമാരക്കാരായ 2,05,000 പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകിയിട്ടുണ്ട്. 2014-15 വർഷത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8-ഉം 9-ഉം ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് റൂബെല്ലാ വാക്സിനേഷൻ നൽകി വരുന്നു.

3. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) കുട്ടികളിലെ വൈകല്യവും വളർച്ചയുടെ വിവിധ ഘട്ടങ്ങളിലെ കാലതാമസവും കണ്ടെത്തുന്നതിനായി എല്ലാ ജില്ലകളിലും ഓരോ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC) സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിന്റെ കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിന്റെ ഭാഗമായി 14 ജില്ലകളിലും സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൻ കീഴിലുള്ള സ്ഥലങ്ങളിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു.

4. കേൾവി പരിശോധന പദ്ധതി കുഞ്ഞുങ്ങളിലെ കേൾവി വൈകല്യം തടയുന്നതിനായി ജനിച്ചാലുടൻ തന്നെ കേൾവി പരിശോധിക്കുന്നതിനായി Otto Acoustic Emission Screeners കേരളത്തിലെ 40 സർക്കാർ പ്രസവ ആശുപത്രികളിൽ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് നൽകിയിട്ടുണ്ട്. ഈ ഉപകരണം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനായി 40 ആശുപത്രികളിലും ഓരോ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 20 കോടി രൂപ അധിക കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായി 20 കോടി രൂപയും ഉൾപ്പെടെ ആകെ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അനാഥാലയങ്ങൾ

324 (3611) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ എത്ര അനാഥാലയങ്ങളുണ്ട് എന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അനാഥാലയങ്ങളിൽ എത്ര കുട്ടികൾ ഉണ്ട് എന്നും അനാഥാലയങ്ങളുടെ നടത്തിപ്പിനായി ഒരു വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) കുട്ടികളെ ദത്തെടുക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) കോഴിക്കോട് ജില്ലയിൽ അപേക്ഷ നൽകിയവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 1176 സ്ഥാപനങ്ങൾ കുട്ടികൾക്കുവേണ്ടി ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. സ്ഥാപനങ്ങളുടെ കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനാഥാലയങ്ങളിൽ നിലവിലുള്ള അന്തേവാസികളുടെ എണ്ണം ഇപ്രകാരമാണ്. ഫൗണ്ട് ലിംഗ് ഹോം 472, കുട്ടികളുടെ സ്ഥാപനങ്ങൾ - 52253. അംഗീകൃതമായ സ്ഥാപനങ്ങളിൽ സർക്കാർ ഗ്രാന്റിന് അനുമതി നേടിയിട്ടുള്ള സ്ഥാപനങ്ങളിൽ ഒരു കുട്ടിക്ക് പ്രതിമാസ ചെലവിനായി 800 രൂപ വീതം 1-4-2014 മുതൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ 13,83,63,000 രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് വർഷം അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നതിന് വേണ്ടി 16,75,40,993 രൂപ അധികമായി വേണ്ടി വരുന്നതാണ്. ഈ തുക കൂടി ലഭിക്കുന്ന പക്ഷം ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി 30,59,03,993 രൂപ ചെലവ് വരുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly